# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 06.06.2025**

### പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ജമ്മു കാശ്മീരിൽ; 46,000 കോടിയിലധികം രൂപയുടെ വികസന പദ്ധതികളുടെ ശിലാസ്ഥാപനവും സമർപ്പണവും നിർവ്വഹിക്കുന്നു.
2. റിപ്പോ നിരക്ക് കുറയ്ക്കാൻ ആർബിഐ തീരുമാനം; ഭവന-വാഹന വായ്പകളുടെ പലിശനിരക്ക് കുറയും.
3. മുതിർന്ന കോൺഗ്രസ് നേതാവ് തെന്നല ബാലകൃഷ്ണപിള്ള അന്തരിച്ചു; വിടവാങ്ങിയത് കേരളത്തിലെ കോൺഗ്രസിന്റെ സൗമ്യമുഖം.
4. നിലമ്പൂരിൽ സ്ഥാനാർഥി ചിത്രം തെളിഞ്ഞതോടെ തിരെഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമാക്കി മുന്നണികൾ.
5. സംസ്ഥാനത്ത് ബലിപെരുന്നാൾ നാളെ; ആഘോഷത്തിനുള്ള ഒരുക്കങ്ങളുമായി വിശ്വാസികൾ.
6. ഫ്രഞ്ച് ഓപ്പൺ പുരുഷ സെമിയിൽ ഇന്ന് നൊവാക് ജൊകോവിച്ച് - യാനിക് സിന്നെർ പോരാട്ടം.

&&&&&&&&&&&&&

പ്രധാനമന്ത്രി

RNU TVPM

പ്രധാനമന്ത്രി നരേന്ദ്ര മോദി ജമ്മു കാശ്മീരിലെത്തി. ഉധംപൂർ-ശ്രീനഗർ-ബാരാമുള്ള റെയിൽ ലിങ്ക് പദ്ധതി ഉൾപ്പെടെ കത്രയിൽ 46,000 കോടിയിലധികം രൂപയുടെ വികസന പദ്ധതികളുടെ ശിലാസ്ഥാപനവും സമർപ്പണവും നിർവ്വഹിക്കുകയാണ്. പദ്ധതിയുടെ 36 തുരങ്കങ്ങളും 943 പാലങ്ങളും ഇതിനൊടകം നിർമ്മിച്ചിട്ടുണ്ട്. ശ്രീനഗറിൽ നിന്നും കത്രയിലേക്കുള്ള ആദ്യ വന്ദേ ഭാരത് സർവീസ് പ്രധാനമന്ത്രി ഫ്ളാഗ്ഓഫ് ചെയ്യും. വെല്ലുവിളി നിറഞ്ഞ കാലാവസ്ഥയിൽ യാത്ര സുഗമമാക്കുന്നതിന് സാങ്കേതിക സവിശേഷതകളോടെയാണ് ട്രെയിൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

&&&&&&&&&&&&&

പണ വായ്പാ നിരക്ക്- ഇൻട്രോ

റിസർവ് ബാങ്ക് ഓഫ് ഇന്ത്യ റിപ്പോ നിരക്കുകൾ കുറച്ചു. റിസർവ് ബാങ്കിന്റെ ഇന്ന് ചേർന്ന ദ്വൈമാസ ധനനയ യോഗത്തിലാണ് തീരുമാനം. നിലവിലെ 6 ശതമാനത്തിൽ നിന്ന് 5.5 ശതമാനമായാണ് റിപ്പോനിരക്ക് കുറച്ചത്. തുടർച്ചയായി ഇത് മൂന്നാം തവണയാണ് RBI റിപ്പോ നിരക്ക് കുറയ്ക്കുന്നത്. പണപ്പെരുപ്പം കുറഞ്ഞതിനാൽ സാമ്പത്തിക വളർച്ചയ്ക്ക് ഊന്നൽ നൽകാൻ ബാങ്കിന് സാധിച്ചതായും ക്യാഷ് റിസർവ് റേഷ്യോ 100 ബേസിസ് പോയിന്റ് കുറയ്ക്കുകയും ചെയ്തതായി റിസേർവ് ബാങ്ക് ഗവർണർ സഞ്ജയ് മൽഹോത്ര പറഞ്ഞു.

(ഹോൾഡ് വോയിസ്)

റിപ്പോ നിരക്ക് കുറഞ്ഞതോടെ ഭവന- വാഹന വായ്പാ നിരക്കുകൾ കുറയും.

&&&&&&&&&&&&&

RNU TVPM

## ഓഹരി

റിപ്പോ നിരക്ക് കുറച്ചതിന് പിന്നാലെ രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 738 പോയിൻറ് ഉയർന്ന് 82,180 ലും, നിഫ്റ്റി 233 പോയിന്റ് ഉയർന്ന് 24,984 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ്ണവിലയിൽ മാറ്റമില്ല.

&&&&&&&&&&&&&

## തെന്നല - അന്തരിച്ചു

മുതിർന്ന കോൺഗ്രസ് നേതാവും മുൻ കെപിസിസി അധ്യക്ഷനുമായ തെന്നല ബാലകൃഷ്ണപിള്ള അന്തരിച്ചു.95 വയസായിരുന്നു. തിരുവനന്തപുരത്ത് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഇന്ന് രാവിലെയായിരുന്നു അന്ത്യം. മൂന്നു തവണ രാജ്യസഭാ എംപി, രണ്ടു തവണ നിയമസഭാംഗം, രണ്ടു തവണ കെപിസിസി പ്രസിഡന്റ് തുടങ്ങിയ പദവികൾ വഹിച്ച തെന്നല ബാലകൃഷ്ണപിള്ള കൊല്ലം ജില്ലയിലെ ശൂരനാട് സ്വദേശിയാണ്. മികച്ച സഹകാരിയായിരുന്നു. സൗമ്യനും മിതഭാഷിയും കളങ്കമേൽക്കാത്ത രാഷ്ട്രീയ ജിവിതത്തിനുടമയുമായ തെന്നല ഗ്രൂപ്പുകൾക്കതീതനായ കോൺഗ്രസുകാരനായാണ് അറിയപ്പെട്ടിരുന്നത്.

RNU TVPM

&&&&&&&&&&&&&

## ബലിപെരുന്നാൾ- ഇൻട്രോ

സംസ്ഥാനത്ത് ബലിപെരുന്നാൾ നാളെ ആഘോഷിക്കും. ഇന്ന് നിശ്ചയിച്ചിരുന്ന പൊതു അവധി നാളത്തേയ്ക്ക് മാറ്റിയിട്ടുണ്ട്. സംസ്ഥാനത്തെ കേന്ദ്രജീവനക്കാരുടെ ബക്രീദ് അവധിയും നാളത്തേയ്ക്ക് മാറ്റി. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്നും

അവധിയാണ്. ബലിപെരുന്നാൾ ആഘോഷിക്കുന്നതിനുള്ള ഒരുക്കത്തിലാണ് വിശ്വാസികൾ,

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു....**

(വോയിസ്)

**&&&&&&&&&&&&&**

**ഹജ്ജ്**

ഹജ്ജിൻറെ പ്രധാന ചടങ്ങുകളിലൊന്നായ കല്ലേറുകർമ്മം ഇന്ന്. ജംറ ടവറിൽ പിശാചിൻറെ മൂന്നു പ്രതീകങ്ങൾക്കുനേരെയാണ് കല്ലേറ് നടത്തുക. 16 ലക്ഷത്തിലധികം തീർത്ഥാടകർ ഹജ്ജിൻറെ രണ്ടാംദിനമായ ഇന്നലെ അറഫ സംഗമത്തിന്റെ പുണ്യം നേടി. ഇതിൽ 15 ലക്ഷം പേർ വിദേശത്തു നിന്നുള്ളവരാണ്.

RNU TVPM

**&&&&&&&&&&&&&**

**നിലമ്പൂർ**

നിലമ്പൂരിൽ സ്ഥാനാർഥി ചിത്രം തെളിഞ്ഞതോടെ തിരെഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമാക്കി മുന്നണികൾ. പ്രമുഖ മുന്നണികളുടെ സ്ഥാനാർത്ഥികളടക്കം പത്ത് പേരാണ് മത്സര രംഗത്തുള്ളത്. എൽ.ഡി.എഫ് സ്ഥാനാർഥി എം.സ്വരാജ്, യു.ഡി.എഫിന്റെ ആര്യാടൻ ഷൗക്കത്ത്, എൻ.ഡി.എ സ്ഥാനാർഥി മോഹൻ ജോർജ് എന്നിവർക്ക് പുറമേ സ്വതന്ത്ര സ്ഥാനാർത്ഥിയായി പി.വി അൻവറും മത്സരിക്കുന്നുണ്ട്. വോട്ടെടുപ്പ് ദിവസമായ ഈ മാസം 19 ന് നിലമ്പൂർ നിയമസഭാ മണ്ഡല പരിധിയിലെ എല്ലാ

സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പൊതു അവധി പ്രഖ്യാപിച്ചിട്ടുണ്ട്. 23 നാണ് വോട്ടെണ്ണൽ.

&&&&&&&&&&&&&

**ഷൈൻ ടോം - അപകടം**

നടൻ ഷൈൻ ടോം ചാക്കോയും കുടുംബവും സഞ്ചരിച്ച വാഹനം അപകടത്തിൽപെട്ടു. ഷൈനിന്റെ പിതാവ് സി പി ചാക്കോ അപകടത്തിൽ മരിച്ചു. രാവിലെ ഏഴു മണിയോടെ തമിഴ്നാട്ടിലെ ധർമപുരിക്ക് സമീപമാണ് അപകടം. ഷൈനിനും അമ്മയ്ക്കും പരിക്കുണ്ട്. മുന്നിൽ പോയ ലോറിയിൽ കാർ ഇടിക്കുകയായിരുന്നു. ഷൈനിന്റെ സഹോദരനും ഡ്രൈവറും കാറിലുണ്ടായിരുന്നു.

&&&&&&&&&&&&&

**കാസർഗോഡ്- ഇൻട്രോ**

കടലിലെ ജൈവവൈവിധ്യങ്ങളെ കുറിച്ചറിയാൻ കാസർഗോഡ് ബേക്കലിൽ ജൈവ വൈവിധ്യ മ്യൂസിയം വരുന്നു. ജൈവവൈവിധ്യ ബോർഡിൻറെ നേതൃത്വത്തിലാണ് ഉദ്യമത്തിന് തുടക്കം കുറിക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി കാസർഗോഡ് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ.....**

**(ഹോൾഡ് വോയിസ്)**

&&&&&&&&&&&&&

**വികസിത് കൃഷി സങ്കൽപ് അഭിയാൻ**

വികസിത് കൃഷി സങ്കല്പ് അഭിയാൻ്റെ ഭാഗമായി ചെലവൂർ ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനത്തിൽ 'സമ്മിശ്ര

RIJU TVPM

കൃഷി' എന്ന വിഷയത്തിൽ സെമിനാർ തുടങ്ങി. ഇതിനോടനുബന്ധിച്ച് പച്ചക്കറി വിത്തുകൾ, നടീൽ വസ്തുക്കൾ തുടങ്ങിയവ സൗജന്യമായി വിതരണം ചെയ്തു :ഐ ഐ എസ് ആർ ക്രോപ് പ്രൊഡക്ഷൻ വിഭാഗം മേധാവി ഡോ. വി. ശ്രീനിവാസൻ, ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&

**ബ്ലോക്ക് പഞ്ചായത്ത് വിഭജനം**

സംസ്ഥാനത്തെ 152 ബ്ലോക്ക് പഞ്ചായത്തുകളിലെ വാർഡുകൾ വിഭജിച്ചുകൊണ്ടുള്ള കരട് വിജ്ഞാപനത്തിൽ ആക്ഷേപങ്ങൾ സമർപ്പിക്കാനുള്ള അവസാന തീയതി സംസ്ഥാന ഡീലിമിറ്റേഷൻ കമ്മിഷൻ ഈമാസം 10 ലേക്കു നീട്ടി. ആക്ഷേപങ്ങൾ കമ്മിഷൻ സെക്രട്ടറിക്കോ ജില്ലാ കളക്ടർക്കോ നേരിട്ടോ, രജിസ്റ്റേഡ് തപാലിലോ നൽകാം. രേഖകൾ ഹാജരാക്കാനുണ്ടെങ്കിൽ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും നൽകണം.

RNU TVPM

&&&&&&&&&&&&&

**ഇടുക്കി- ഇൻട്രോ**

പരിസ്ഥിതി സംരക്ഷണത്തിൻ്റെ ഭാഗമായി പുനരുപയോഗശീലവും വിഭവങ്ങളുടെ പരമാവധി ഉപഭോഗം ഉറപ്പാക്കലും ലക്ഷ്യമിട്ട് വ്യത്യസ്ഥ പദ്ധതി ഒരുക്കി ഇടുക്കി ജില്ലാ ഭരണകൂടം. സ്കൂൾ കുട്ടികൾക്കായി നടപ്പാക്കുന്ന "പ്രാക്ടീസ് റീ യൂസ്, ബീ എ ഗ്രീൻ ചാംപ്" എന്ന പദ്ധതി ഇതിനോടകം ശ്രദ്ധേയമായിക്കഴിഞ്ഞു.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണൻ....**

**(വോയിസ്)**

&&&&&&&&&&&&&

ഇടുക്കി കാട്ടാന

ഇടുക്കി കാന്തലൂരിലെ ജനവാസ മേഖലയിൽ നിന്നും കാട്ടാനകളെ തുരത്താനുള്ള ദൗത്യം തുടരുന്നു. കഴിഞ്ഞ മൂന്ന് ദിവസമായി വനം വകുപ്പും ജന ജാഗ്രത സമിതിയും സംയുക്തമായാണ് ദൗത്യത്തിന് നേതൃത്വം നൽകുന്നത്.ഇന്നലെ വെട്ടുകാട് ഭാഗത്ത് കാട്ടാനകളെ കണ്ടെത്തിയെങ്കിലും വനമേഖലയിലേക്ക് തുരത്താൻ സാധിച്ചില്ല. ഇവയെ ജനവാസ മേഖലയിൽ നിന്നും പൂർണമായും വനത്തിനുള്ളിൽ കടത്തിവിട്ട് സുരക്ഷ ഉറപ്പാക്കുമെന്ന് വനം വകുപ്പ് അധികൃതർ പറഞ്ഞു.

&&&&&&&&&&&&&

RNU TVRM

ഫ്രഞ്ച് ഓപ്പൺ

ഫ്രഞ്ച് ഓപ്പൺ ടെന്നീസ് പുരുഷ വിഭാഗം സെമിയിൽ വൈകിട്ട് ആറിന് നിലവിലെ ചാമ്പ്യൻ സ്പെയിനിൻറെ കാർലോസ് അൽകാരസ് ഇറ്റലിയുടെ ലോറെൻ സോ മുസെറ്റിയെ നേരിടും. രണ്ടാം സെമിയിൽ നൊവാക് ജൊകോവിച്ചും ലോക ഒന്നാം റാങ്കുകാരനായ യാനിക് സിന്നെറും ഏറ്റുമുട്ടും. മറ്റന്നാളാണ് ഫൈനൽ.

&&&&&&&&&&&&&

ആര്യാന സബലേങ്ക

ഫ്രഞ്ച് ഓപ്പൺ ടെന്നീസ് വനിതാ സിംഗിൾസ് ഫൈനലിൽ ഒന്നാം സീഡായ ആര്യാന സബലേങ്ക നാളെ കന്നിക്കിരീടത്തിനായി അമേരിക്കയുടെ കോകൊ ഗാഫിനെ നേരിടും.

&&&&&&&&&&&&&

**നോർവെ- ചെസ്സ്**

നോർവെ ചെസ് ടൂർണമെൻറിന്റെ ഒമ്പതാം റൗണ്ടിൽ ഇന്ത്യൻ ചെസ് താരവും ഏറ്റവും പ്രായംകുറഞ്ഞ ലോക ചാമ്പ്യനുമായ ഡി ഗുകേഷിന് വീണ്ടും ജയം. ചൈനീസ് താരത്തെ പരാജയപ്പെടുത്തിയാണ് ഗുകേഷ് വിജയിച്ചത്.

&&&&&&&&&&&&&

**അക്ഷരോന്നതി**

പട്ടികവർഗ വിദ്യാർഥികളിൽ വായനാശീലം വളർത്തുന്നതിനുള്ള 'അക്ഷരോന്നതി' പദ്ധതിക്ക് കോഴിക്കോട് ജില്ലയിൽ തുടക്കം. പദ്ധതിയുടെ ലോഗോ പ്രകാശനം ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് നിർവഹിച്ചു.

&&&&&&&&&&&&&

**ലൈബ്രറി കൗൺസിൽ**

RNUTVPM

കണ്ണൂർ ജില്ലാ ലൈബ്രറി കൗൺസിൽ വികസനസമിതി സംഘടിപ്പിക്കുന്ന പുസ്തകോത്സവം ഇന്ന് ആരംഭിക്കും. കളക്ടറേറ്റ് മൈതാനത്ത് മൂന്നു മണിക്ക് പ്രശസ്ത സാഹിത്യകാരൻ എം. മുകു ന്ദൻ ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&

**കള്ളക്കടൽ**

കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ ചില തീരപ്രദേശങ്ങളിലും കന്യാകുമാരിയിലെ നീരോടി മുതൽ ആരോക്യപുരം വരെയുള്ള തീരങ്ങളിൽ ജാഗ്രതാ നിർദ്ദേശം. ഇന്ന് രാത്രിവരെ ഉയർന്ന

തിരമാലയ്ക്കും, കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു. തീരദേശവാസികളും മത്സ്യത്തൊഴിലാളികളും ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&

**ട്രോളിംഗ്**

കേരള തീരക്കടലിൽ ഈ മാസം 10 മുതൽ ട്രോളിങ് നിരോധനം ഏർപ്പെടുത്തി. തിങ്കളാഴ്ച അർധരാത്രി മുതൽ ജൂലായ് 31 അർധരാത്രി വരെ 52 ദിവസമാണ് നിരോധനം. ഈ സമയത്ത് കേരള തീരക്കടലിൽ യന്ത്രവത്കൃത ബോട്ടുകൾ അനുവദിക്കില്ല. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഉപരിതല മത്സ്യബന്ധനം നടത്താൻ തടസ്സമില്ല. ഇതര സംസ്ഥാന ബോട്ടുകൾ ഈ മാസം 9 ന് മുമ്പ് തീരം വിടണം.

&&&&&&&&&&&&&

&&&&&&&&

&&&

RNUTVPM